MD NICHE
MEDIA CONSULTANTS

# KERALABHOOSHANAM

**Ayurveda entices elderly Germans**

Date: **13-03-2012** | Edition: **All Kerala** | Page No: **8** | Clip size (cm) - W: **20.5** H: **18**

---

ആയുർവേദം

# ജർമനിയിൽ 50 വയസ്സു കഴിഞ്ഞാൽ ആയുർവേദത്തോടു പ്രിയം

തിരുവനന്തപുരം: യൂറോപ്പിൽ ഏറ്റവും പ്രായാധിക്യ ഭീഷണി നേരിടുന്ന ജർമനിയിൽ കേരളത്തിന്റെ സ്വന്തം ആയുർവേദത്തോടു പ്രിയമേറുന്നു. പ്രായത്തോടു പടവെട്ടാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം ആയുർവേദമാണെന്ന് ജർമൻ സമൂഹത്തിലെ ചില പ്രവണതകൾ സൂചിപ്പിക്കുന്നു. ജീവിതത്തിലെ പിരിമുറുക്കങ്ങളും നാഗരിക ജീവിതശൈലിയുടെ സമ്മർദ്ദങ്ങളും ചെറുക്കാൻ ആയുർവേദത്തെ ആശ്രയിക്കണമെന്ന് ഇതോടനുബന്ധിച്ച് കേരള ടൂറിസം വകുപ്പ് ജർമനിയിൽ സംഘടിപ്പിച്ച ആയുർവേദ ശില്പശാലയിൽ അഭിപ്രായമുയർന്നു.

കഴിഞ്ഞയാഴ്ച മ്യൂണിച്ചിൽ നടത്തിയ 'ആയുർവേദം:ജീവിതശൈലിയോ ഔഷധമോ' എന്ന ശില്പശാലയിൽ വനിതകൾക്കുവേണ്ടിയുള്ളതടക്കം പ്രമുഖ മാധ്യമങ്ങളുടെ പ്രതിനിധികളും ടൂർ ഓപ്പറേറ്റർമാരും ഹെൽത്ത്, ഫിറ്റ്നസ് ക്ലബ്ബുകളുടെ പ്രതിനിധികളും പങ്കെടുത്തു.

ജർമനിയിൽ ആയുർവേദത്തോടു വർധിച്ചുവരുന്ന താല്പര്യം കണക്കിലെടുത്താണ് അവിടെ ആയുർവേദം അവതരിപ്പിക്കാൻ തീരുമാനിച്ചതെന്ന് സംസ്ഥാന വിനോദസഞ്ചാര വകുപ്പു മന്ത്രി ശ്രീ എ.പി.അനിൽകുമാർ പറഞ്ഞു. ഒഴിവുകാലം ചെലവഴിക്കാനായി കേരളത്തിലെത്തുന്നവർ ആയുർവേദ ചികിത്സയിലേയ്ക്കു തിരിയുന്നത് വർധിച്ചുവരുന്നുവെന്നാണു കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. ആയുർവേദ ചികിത്സയ്ക്കു മാത്രമായി കേരളത്തിലെത്തുന്നവരുടെ എണ്ണവും വർധിക്കുന്നുണ്ട്.

പിരിമുറുക്കങ്ങൾ ഒഴിവാക്കാനായി ആയുർവേദത്തെ ആശ്രയിക്കുന്നവർക്കു പുറമെ നല്ലൊരു വിഭാഗം തങ്ങളെ ബാധിച്ചിട്ടുള്ള ദീർഘകാലരോഗങ്ങൾക്കു ശമനം തേടിയെത്തുന്നവരാണ്. കടുത്ത നടുവേദന ഒഴിവാക്കാൻ പ്രമുഖ ഹോളിവുഡ് സംവിധായകൻ ബർണാഡോ ബർട്ടലൂച്ചിയും അടുത്ത കാലത്ത് കേരളത്തിലെത്തിയിരുന്നു.



കേരള ടൂറിസം ഡയറക്ടർ റാണി ജോർജ്ജ് ശില്പശാലയിൽ സംസാരിക്കുന്നു

ജർമനിയിൽ 50 വയസു കഴിഞ്ഞവരുടെ എണ്ണം 3.3 കോടിയിലേറെയാണ്. യൂറോപ്പിൽ പ്രായാധിക്യമുള്ളവരുടെ ഏറ്റവും വലിയ ജനസംഖ്യയാണ് ജർമനിയിലുള്ളത്. യൂറോപ്പുതന്നെ ലോകത്തിൽ പ്രായമാകുന്നവർ ഏറെയുള്ള ഏറ്റവും വലിയ വികസിത പ്രദേശമാണ്. ജനന-മരണ നിരക്കുകളിലുണ്ടായ ഏറ്റവും വലിയ ഇടിവാണ് ഈ സ്ഥിതിയിലേയ്ക്കു നയിച്ചത്. കേരളത്തിൽ ആയുർവേദ ചികിത്സയ്ക്കെത്തുന്ന വിദേശികളിൽ ഏറ്റവും കൂടുതൽ പേർ ജർമനിയിൽനിന്നാണെന്ന് സംസ്ഥാന ടൂറിസം ഡയറക്ടർ ശ്രീമതി റാണി ജോർജ് ചൂണ്ടിക്കാട്ടി. ആയുർവേദത്തിന്റെ പ്രചരണാർത്ഥം നടത്തിയ പരിപാടികൾ ജർമനിയിൽ കേരളത്തിന്റെ ടൂറിസത്തിനും മുതൽക്കൂട്ടായിട്ടുണ്ടെന്ന് ടൂറിസം ഡയറക്ടർ പറഞ്ഞു.

മ്യൂനിച്ച് സേവാ അക്കാദമിയിൽ നടത്തിയ ശില്പശാലയിൽ ആയുർവേദത്തിലെ ശരീരസേവകൾ, പാചകം, എണ്ണയുൾപ്പെടെയുള്ള ഔഷധങ്ങൾ എന്നിവയെക്കുറിച്ചും പ്രദർശന പ്രകടനങ്ങൾ നടന്നു. യൂറോപ്യൻ ആയുർവേദ അക്കാദമി സി.ഇ.ഒ. മാർക്ക് റോസൻബർഗ്, ആയുർവേദ ഡോക്ടറും സ്പോർട്സ് മെഡിസിൻ വിദഗ്ധനുമായ ഡോ.ഡെറ്റ്ലഫ് ഗ്രണെർട്ട്, ആയുർവേദ തെറാപ്പിസ്റ്റും ചികിത്സാമേഖലയിലെ വിവിധ വിഭാഗങ്ങളെക്കുറിച്ചു പഠനം നടത്തുന്ന വ്യക്തിയുമായ സിൽവി പെയ്പ്പ് തുടങ്ങിയവർക്കുപുറമെ ജർമനിയിലെ പ്രമുഖ ആയുർവേദ ഡോക്ടർമാരായ എലിൽ ജീവൻ, പ്രഭാ ബുക്കാർഡ് തുടങ്ങിയവരും ശില്പശാലയിൽ പങ്കെടുത്തു.

ആയുർവേദം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ടൂറിസം അടുത്ത മാസം ജർമനിയിൽ രണ്ടു പ്രധാന രാജ്യാന്തര വെൽനസ് മേളകളിൽ പങ്കെടുക്കും. ടൂറിസ്റ്റുകളിൽ കേരളത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി ഓൺലൈൻ ഷോപ്പുകളുമായി സഹകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

അച്ചടിമാധ്യമങ്ങളിലും മെട്രോ സ്റ്റേഷനുകൾ പോലെയുള്ള പൊതു ഇടങ്ങളിലും വൻതോതിൽ പരസ്യപ്രചാരണവും നടത്തും.